LIBRARY ARCHIVES Kerala Legislative Assembly

സാർസ് രോഗബാധിതർ

100 (870) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സാർസ് രോഗം ബാധിച്ചവർ എത്ര ;

(ബി) ഓരോ ജില്ലയിലും എത്ര വീതം ;

(സി) ഇവരിൽ എത്രപേർ മരണമടഞ്ഞു ;

(ഡി) പ്രതിരോധ നടപടികൾമൂലം രോഗബാധ തടയാൻ സാധിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) കേരളത്തിൽ ഇതുവരെ സാർസ് രോഗം സ്ഥിരീകരിച്ച കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി) പ്രതിരോധ നടപടികൾ സംസ്ഥാനത്ത് വ്യാപകമായി സ്വീകരിച്ചിട്ടുണ്ട്. രോഗബാധ ഉള്ളതായി ഇതുവരെ കണ്ടെത്തിയിട്ടില്ല.

അട്ടപ്പാടി പ്രദേശത്തെ എയ്ഡ്സ് രോഗബാധ

101 (871) ശ്രീ. ജോർജ് ജെ. മാത്യു :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി പ്രദേശത്ത് ആദിവാസികളിലാരെങ്കിലും എയ്ഡ്സ് ബാധമൂലം മരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്ത് എയ്ഡ്സ് രോഗവാഹകരുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഈ മാരകരോഗം അവിടെ എപ്രകാരമാണ് എത്തിയതെന്ന് പറയാമോ ;

(ഡി) അട്ടപ്പാടി പ്രദേശത്തെ ആദിവാസികൾക്കായി എയ്ഡ്സിനെതിരെ എന്തെങ്കിലും ബോധവല്ക്കരണ നടപടി എടുത്തിട്ടുണ്ടോ ?